# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 മേയ് 14

# വാർത്താക്കുറിപ്പ്

## ഗവേഷണ പ്രസിദ്ധീകരണങ്ങളിൽ നിലവാരമേറിയത് എം.ജി. സർവകലാശാലയുടേതെന്ന് സ്‌കോപസ് റിപ്പോർട്ട്

രാജ്യാന്തര ജേണലുകളിലടക്കം പ്രസിദ്ധീകരിക്കുന്ന ഗവേഷണപ്രബന്ധങ്ങളിൽ സംസ്ഥാനത്തെ സർവകലാശാലകളിൽ ഏറ്റവും നിലവാരം പുലർത്തുന്നത് മഹാത്മാഗാന്ധി സർവകലാശാലയുടേതെന്ന് രാജ്യാന്തര പബ്ലിഷിങ്-അനലിറ്റിക്‌സ് സ്ഥാപനമായ എൽസെവിയർ സ്‌കോപസിന്റെ (Elsevier Scopus) റിപ്പോർട്ട്.

2016-2019 കാലയളവിൽ കേരളത്തിലെ എട്ട് സർവകലാശാലകളിൽനിന്നുള്ള ഗവേഷണ പ്രസിദ്ധീകരണങ്ങൾ പരിഗണിച്ചാണ് സ്‌കോപസ് റിപ്പോർട്ട് തയാറാക്കിയിട്ടുള്ളത്. 0.97 ആണ് എം.ജി.ക്ക് ലഭിച്ച പോയിന്റ്. രണ്ടാം സ്ഥാനം കുഫോസിനാണ്, 0.86 പോയിന്റ്. പ്രസിദ്ധീകരിച്ചവ ഗവേഷകരും വിദ്യാർഥികളും അവലംബ വിധേയമാക്കുന്നതിന്റെ കണക്കിലും എം.ജി.യാണ് ഒന്നാംസ്ഥാനത്ത്. 4.6 ആണ് എം.ജിയുടെ പോയിന്റ്. കേരള-3.6, കുസാറ്റ്-3.2, കാലിക്കട്ട്-3.5, കുഫോസ്-3.4 എന്നിങ്ങനെയാണ് പോയിന്റ്.

ഗവേഷണ പ്രസിദ്ധീകരണങ്ങളുടെ എണ്ണത്തിൽ കേരള, എം.ജി. സർവകലാശാലകൾ യഥാക്രമം ഒന്നും രണ്ടും സ്ഥാനത്താണ്. കേരള 2146 ഉം എം.ജി 1981 ഉം കുസാറ്റ് 1900 ഉം കാലിക്കട്ട് 1679 എണ്ണവും പ്രസിദ്ധീകരിച്ചു. സർവകലാശാലകളിലെ പഠനവകുപ്പുകളിലെയും ഗവേഷണ കേന്ദ്രങ്ങളിലെയും അധ്യാപകരും വിദ്യാർഥികളും പ്രസിദ്ധീകരിച്ച ഗവേഷണപ്രബന്ധങ്ങളുടെ എണ്ണമാണിത്. കേരള സർവകലാശാല പഠനവകുപ്പുകളിൽ ഇരുനൂറിലധികവും എം.ജിയിൽ 102 അധ്യാപകരുമാണ് ഇക്കാലയളവിലുള്ളത്. ഏറ്റവുമധികം പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളത് എൻജിനീയറിങ് വിഷയവുമായി ബന്ധപ്പെട്ടാണ്. കമ്പ്യൂട്ടർ സയൻസ്, ഫിസിക്‌സ് ആൻഡ് ആസ്‌ട്രോണമി, മെറ്റീരിയൽസ് സയൻസ് വിഷയങ്ങളിലെ പ്രബന്ധങ്ങളാണ് തൊട്ടുപിന്നിൽ.

രാജ്യാന്തരതലത്തിൽ മറ്റു സ്ഥാപനങ്ങളുമായി സഹകരിച്ച് ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ കുഫോസ്, എം.ജി. സർവകലാശാലകൾ ഒന്നും രണ്ടും സ്ഥാനങ്ങളിലാണ്. രാജ്യാന്തരസഹകരണത്തിലൂടെയുള്ള പ്രസിദ്ധീകരണങ്ങൾ സ്വാധീനം ചെലുത്തുന്നതിൽ (ഇംപാക്ടിൽ) കാലിക്കട്ട്, കേരള, എം.ജി. സർവകലാശാലകൾ യഥാക്രമം ഒന്നു മുതൽ മൂന്നുവരെ സ്ഥാനങ്ങളിലാണ്.

(പി.ആർ.ഒ/39/486/2020)

## എം.ബി.എ. നാലാം സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാം

മഹാത്മാഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് മാനേജ്‌മെന്റ് ആൻഡ് ബിസിനസ് സ്റ്റഡീസിലെ നാലാംസെമസ്റ്റർ എം.ബി.എ.(റഗുലർ, റീഅപ്പിയറൻസ്) പരീക്ഷയ്ക്ക് മേയ് 30 വരെ അപേക്ഷിക്കാം. ഓൺലൈനായി ഫീസടച്ച് രജിസ്‌ട്രേഷൻ നടത്താം. വിശദവിവരം സ്‌കൂൾ വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/487/2020)

## പരീക്ഷ ഫലം

2019 ജൂണിൽ നടന്ന എം.എസ് സി. രണ്ടാം സെമസ്റ്റർ അപ്ലൈഡ് മൈക്രോബയോളജി (റഗുലർ,ഇംപ്രൂവ്മെന്റ്,സപ്ലിമെന്ററി) പരീക്ഷഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മേയ് 27 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/488/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ